3810

എൻ2/7307/2019/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി. 31/05/2019
ഫോൺ നമ്പർ. 0471-2328438, 9496304015
Email: scholarshipdpi@gmail.com

## സർക്കുലർ-1

വിഷയം :- പൊതുവിദ്യാഭ്യാസം - നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പ് യോഗ്യതാ പരീക്ഷ - നവംബർ 2018 - ജില്ലാതല റാങ്ക് പട്ടിക/റിസൽട്ട് പ്രസിദ്ധപ്പെടുത്തുന്നത്. - സംബന്ധിച്ച്

സൂചന :- 1. MHRD യുടെ കത്ത് നമ്പർ F. No.8-4/2018-SS തീയതി. 09/05/2019

2. SCERT യുടെ കത്ത് നമ്പർ പ്രോഗ്രാം-5/1236/18 തീയതി. 14/05/2019

കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പ് വഴി നടപ്പാക്കി വരുന്ന നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിനായി എസ്.സി.ഇ.ആർ.ടി നടത്തിയ മൽസര പരീക്ഷ (നവംബർ - 2018) പാസാവുകയും സ്കോളർഷിപ്പിന് അർഹത നേടുകയും ചെയ്ത 3473 കുട്ടികളുടെ വിവരങ്ങൾ പൊതുവിദ്യാഭ്യാസ വകുപ്പിന്റെയും KITE ന്റെയും (ഐ.ടി@സ്കൂൾ) വെബ്സൈറ്റുകളിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2018 നവംബറിൽ യോഗ്യതാ പരീക്ഷ എഴുതിയ കുട്ടികളിൽ നിന്നും ഓരോ ജില്ലകൾക്കും മാറ്റിവച്ചിട്ടുള്ള/നിശ്ചയിച്ചിട്ടുള്ള നിശ്ചിത എണ്ണം സ്കോളർഷിപ്പുകൾക്കു വേണ്ടി ഓരോ ജില്ലയിലും ഏറ്റവും കൂടുതൽ മാർക്ക് വാങ്ങിയിട്ടുള്ള കുട്ടികളെയാണ് ജനറൽ വിഭാഗം മെറിറ്റ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**2019-20 വർഷത്തെ നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അർഹത നേടിയ കുട്ടികളുടെ പേരുവിവരങ്ങൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ നോട്ടീസ് ബോർഡിൽ പ്രദർശിപ്പിക്കേണ്ടതും, ബന്ധപ്പെട്ട സ്കൂളുകൾ വഴി അർഹരായ കുട്ടികളെ അറിയിക്കേണ്ടതുമാണ്.**

2019-20 വർഷത്തേയ്ക്ക് നാഷണൽ മീൻസ് കം-മെറിറ്റ് സ്കോളർഷിപ്പിന് അർഹത നേടിയ എല്ലാ വിദ്യാർത്ഥികളും (2019-20 അധ്യയന വർഷം 9-ാം ക്ലാസിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ച കുട്ടികൾ) സ്കോളർഷിപ്പിന് വേണ്ടി നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ വഴി (NSP-2.0) ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കേണ്ടതാണ്. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും നിർദ്ദേശം ലഭിച്ചതിന് ശേഷം മാത്രമേ NSP (നാഷണൽ സ്കോളർഷിപ്പ് പോർട്ടൽ) വഴി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാൻ പാടുള്ളൂ.

ഖ3/ 3810/19 തീ. /6/19

എല്ലാ പ്രധാനാധ്യാപകരുടേയും അറിവിലേക്കും അനന്തരനടപടികളിലേക്കുമായി നൽകുന്നു.

6/6/19

For DEO, TCR
6/6

നാഷണൽ മീൻസ്-കം-മെറിറ്റ് സ്കോളർഷിപ്പിന് അർഹത നേടിയ കുട്ടികൾക്ക് കോർബാങ്കിംങ് സൗകര്യമുള്ള ഏതെങ്കിലും പൊതുമേഖലാ ബാങ്കിലോ, ഷെഡ്യൂൾഡ് ബാങ്കിലോ ആധാർ ലിങ്ക് ചെയ്ത അക്കൗണ്ട് ഉണ്ടായിരിക്കേണ്ടതാണ്.

**സ്കോളർഷിപ്പിന് ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള തീയതി/അവസാന തീയതി സംബന്ധിച്ച കൂടുതൽ വിവരങ്ങൾ പിന്നാലെ അറിയിക്കുന്നതാണ്.**

**NMM സ്കോളർഷിപ്പിന് അർഹത നേടിയ കുട്ടികളിൽ ആരെങ്കിലും സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പഠനം തുടരുന്നില്ലായെങ്കിൽ പ്രസ്തുത കുട്ടികളുടെ വിവരങ്ങൾ അടിയന്തിരമായി പൊതുവിദ്യാഭ്യാസ ഡയറക്ടറെ അറിയിക്കേണ്ടതാണ്.**

**ആർ.എസ്. ഷിബു**
**അഡീഷണൽ പൊതുവിദ്യാഭ്യാസ ഡയറക്ടർ**
**പൊതുവിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി**

**സ്വീകർത്താവ് :-**

1. എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
2. എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

} പ്രാഥമാധ്യാപകരുടെ മീറ്റിംഗുകളിൽ സ്കോളർഷിപ്പ് സംബന്ധിച്ച വിവരങ്ങൾ നൽകേണ്ടതാണ്.